## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **810** — 30/06/2011 ൽ മറുപടിയ്ക്ക്

### ഭൂമികേരളം പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ;<br>ശ്രീ. സണ്ണി ജോസഫ്;<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി; | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) 'ഭൂമികേരളം പദ്ധതി' കൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്; ഇതിനു വേണ്ടി കേന്ദ്രം എന്തു തുക അനുവദിച്ചു; | (എ) | സമയ ബന്ധിതമായി സംസ്ഥാനത്തിന്റെ റീ-സർവെ പൂർത്തീകരിക്കുക, സർക്കാർ ഭൂമി അളന്നു തിട്ടപ്പെടുത്തുക, സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ആദിവാസികൾക്ക് പതിച്ചു നൽകാൻ ലഭ്യമായ ഭൂമിയുടെ സർവ്വേ റെക്കോഡുകൾ തയ്യാറാക്കുക, തിരുവനന്തപുരം ജില്ലയിലെ 31 വില്ലേജുകളുടെ റീസർവെ എൻ.എൽ.ആർ.എം.പി യിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുക, ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമുള്ള ഭൂമിയുടെ റീസർവെ പൂർത്തീകരിക്കുക, അധികഭൂമി ഉണ്ടെങ്കിൽ കണ്ടെത്തുക, സർക്കാർ നിർദ്ദേശിക്കുന്ന സ്പെഷ്യൽ പ്രോജക്ടുകൾ സമയ ബന്ധിതമായി പൂർത്തിയാക്കുക എന്നിവയാണ് ഭൂമികേരളം പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഭൂമികേരളം പദ്ധതിയ്ക്കു വേണ്ടി കേന്ദ്ര ഗവൺമെന്റ് 12,63,47,000/- രൂപ (പന്ത്രണ്ട് കോടി അറുപത്തിമൂന്ന് ലക്ഷത്തി നാൽപ്പത്തി ഏഴായിരം രൂപ) അനുവദിച്ചു. |
| (ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്കാണ് പൂർത്തിയാക്കേണ്ടത്; ഇതുവരെ ഈ പദ്ധതിയ്ക്ക് എന്തു തുക ചെലവായി; | (ബി) | 3 വർഷം കൊണ്ട് സംസ്ഥാനത്തെ റീസർവ്വേ പൂർത്തിയാക്കണമെന്നാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. നാളിതുവരെ ഈ പദ്ധതിയ്ക്കായി 6,69,35,754/- രൂപ (ആറുകോടി അറുപത്തി ഒൻപത് ലക്ഷത്തി മുപ്പത്തി അയ്യായിരത്തി എഴുന്നൂറ്റി അൻപത്തിനാല് രൂപ) ചെലവായി. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയുടെ എത്ര ശതമാനം പൂർത്തിയാക്കി; പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | റീസർവെ 12% വും ഫോറസ്റ്റ് സർവെ ഫെയ്സ് 1 ൽ ലഭ്യമായ അപേക്ഷകളിൽ 100% പൂർത്തിയാക്കി. പുൽമേട് ദുരന്തബാധിത പ്രദേശത്തെ കോണ്ടൂർ സർവെയും പോലീസ് ഹെഡ് ക്വാർട്ടേഴ്സ് സർവ്വെയും 100% പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. പ്രോജക്റ്റ് ഡയറക്ടർ, അഡീഷണൽ മിഷൻ ഡയറക്ടർ, മിഷൻ ഡയറക്ടർ എന്നിവരുടെ നേതൃത്വത്തിൽ സർവെ ജോലികളുടെ അവലോകനം നടക്കുന്നുണ്ട്. മാസത്തിൽ ഒരു തവണ പ്രോജക്റ്റ് ഡയറക്ടറുടെ നേതൃത്വത്തിലും രണ്ട് മാസത്തിലൊരിക്കൽ അഡീഷണൽ മിഷൻ ഡയറക്ടറുടെ നേതൃത്വത്തിലും നാല് മാസത്തിലൊരിക്കൽ മിഷൻ ഡയറക്ടറുടെ നേതൃത്വത്തിലും അവലോകനം നടക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ